# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ALPS ETHANUR WEST

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഉള്ളടക്കം

× ആമുഖം
× വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ
× വികസന കാഴ്ചപ്പാട്
× പഠന നിലവാരം
× വിദ്യാലയ IT അനുബന്ധ സാമഗ്രികൾ
× 2025 -26 വർഷത്തെ കുട്ടികളുടെ എണ്ണം.
× 2025 – 26 വർഷത്തെ അദ്ധ്യാപകർ
× 2025 - 26 വർഷത്തിൽ ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ
× ഉപസംഹാരം

# വിദ്യാലയം മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രം എന്ന കാഴ്ചപ്പാട് പ്രാബല്യത്തിൽ വരണമെങ്കിൽ കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കേണ്ട പ്രവർത്തനപദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. അക്കാദമിക നേട്ടങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും ശേഷിയും പ്രതിഭയും തിരിച്ചറിഞ്ഞ് വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി തീർക്കേണ്ട അറിവുകളും അനുഭവങ്ങളും നേടി പൂർണ്ണത കൈവരിക്കണം എന്നതാകണം വിദ്യാലയ ദർശനം. ജൈവ വൈവിധ്യ പാർക്കുകൾ സ്കൂൾ അങ്കണത്തിൽ സജ്ജമാക്കി സ്കൂളിനെ ഒരു പാഠപുസ്തകമാക്കി മാറ്റൽ. ഭാഷാശേഷി വികസനത്തിനായി വായന ലേഖനം, ഇംഗ്ലീഷ് എന്നിവയ്ക്ക് പ്രാധാന്യം നൽകൽ. പഠന പ്രവർത്തനങ്ങളും പഠനവും മികച്ചതാക്കാനായി ടാലന്റ് ലാബ് സജ്ജീകരണം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മകത വികസിപ്പിച്ച് സമൂഹത്തിൽ തൊഴിൽ സാധ്യത ഉപയോഗപ്പെടുത്താനു

പ്രവർത്തനങ്ങൾ. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്ന ആപ്ത വാക്യത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള ആരോഗ്യകായിക വിദ്യാഭ്യാസം നൽകൽ. പെൺകുട്ടികളെ കരുത്തും ആത്മവിശ്വാസമുള്ളവരാക്കി മാറ്റാൻ ഒസെക്കൂളിട് പോലെയുള്ള പരിപാടികൾ വിദ്യാലയം ഏറ്റെടുത്ത് നടത്തേണ്ടതാണ്.

ആമുഖം

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 29-06-1957 ലാണ് സ്ഥാപിതമായത്. തുടക്കത്തിൽ 2 അദ്ധ്യാപകരും 62 കുട്ടികളുമായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം 7 അദ്ധ്യാപകരും 200-ൽ അധികം കുട്ടികളുമായി ഉയർന്നു വന്നു. 67 വർഷം ആയി ഈ സരസ്വതി ക്ഷേത്രം ഇവിടെ തുടർന്നു വരുന്നു. 2020-21 അദ്ധ്യയന വർഷത്തിൽ ഈ വിദ്യാലയം പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഇപ്പോഴും ഉണ്ട്.

എങ്കിലും ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിൽ അദ്ധ്യാപകർ ഏറെയധികം ശ്രമിച്ചു വരുന്നു.

70 ശതമാനത്തിലധികം പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം സുഗമമായി പ്രവർത്തിക്കുന്നതിന് ഈ നാട്ടിലെ നല്ലവരായ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ അഭ്യുദയ കാംക്ഷികൾ, കൊടുവായൂർ ഗ്രാമപഞ്ചായത്ത്, ബഹുമാനപ്പെട്ട കൊല്ലങ്കോട് എം. എൽ. എ. വിലയേറിയ പ്രവർത്തനങ്ങൾ ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. 67 വർഷങ്ങളായി ഈ ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്ക് അറിവിന്റെ മധുരം പകർന്നു നൽകികൊണ്ട് 2007-ൽ സുവർണ്ണ ജൂബിലി ആഘോഷിച്ചു. ഈ ആഘോഷങ്ങളുടെ ഭാഗമായി കുടിവെള്ള സൗകര്യം ഉണ്ടാക്കിയെടുക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കഴിഞ്ഞു. ഇന്ന് നമ്മുടെ സ്കൂൾ പുതിയൊരു കെട്ടിടത്തിലേക്ക് മാറുന്നു. നല്ല രീതിയിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാനും സാധിച്ചുവെന്നതിൽ ഏറെയധികം

ഫലപ്രദമായി പ്രയോഗവൽക്കരണം ക്ലാസ് എടുക്കാൻ കഴിയുമായിരുന്നു.

## വികസന കാഴ്ചപ്പാട്

വിദ്യാലയത്തെ സന്തോഷപ്രദവും അർത്ഥവത്തായതും കുട്ടികളിൽ താല്പര്യം ഉണർത്തുന്നതുമായ അറിവു നിർമ്മാണ കേന്ദ്രമാക്കി മാറ്റുക.

പാഠ്യപദ്ധതി ലക്ഷ്യമിടുന്ന രീതിയിൽ അക്കാദമികമായി മുഴുവൻ കുട്ടികളെയും മികവിലേക്ക് നയിക്കാനുള്ള സാഹചര്യമുണ്ടാക്കുക.

രസകരവും ക്രിയാത്മക ചിന്ത ഉണർത്തുന്ന പ്രവർത്തനാധിഷ്ഠിതവുമായ രീതിയിൽ ശിശു സൗഹാർദ്ദ ക്ലാസ്മുറികളും വിദ്യാലയവും സൃഷ്ടിക്കുക.

സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ട് ശുചിത്വമുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷണം മുഴുവൻ കുട്ടികൾക്കും ലഭിക്കുകയും ശരിയായ ആരോഗ്യ ശീലങ്ങളും ശുചിത്വവും ഉണ്ടാക്കുന്നതിനുള്ള നടപടികൾ രൂപീകരിക്കുകയും ചെയ്യുക.

പ്രവർത്തനാധിഷ്ഠിത പഠനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിദ്യാലയത്തിൽ ലഭ്യമാക്കുക.

# ആവശ്യങ്ങളും പരിമിതികളും

| സ്കൂളിന് ആവശ്യം വേണ്ട സൗകര്യങ്ങളുടെ പേര് | | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | കമ്പ്യൂട്ടർ - ഡെസ്ക് ടോപ്പ് | 1 | 3 |
| 2 | ലാപ്ടോപ്പ് | 3 | 4 |
| 3 | ടോയ്‌ലറ്റ് | 5 | |
| 4 | അടുക്കള | 1 | |
| 5 | ഓപ്പൺ എയർ സ്റ്റേജ് | — | 1 |
| 6 | സ്മാർട്ട് ക്ലാസ്റൂം | | |
| 7 | ഡൈനിംഗ് ഹാൾ | — | 1 |
| 8 | കമ്പ്യൂട്ടർ റൂം | - | 1 |
| 9 | ലൈബ്രറി റൂം | — | 1 |

# പഠനനിലവാരം

ഓരോ വിദ്യാലയത്തിന്റെ വളർച്ച പ്രധാനമായും വിദ്യാർത്ഥിയുടെ പഠനപുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താനും അവരെ മുൻ പന്തിയിലേക്ക് എത്തിക്കാനും ഇവിടുത്തെ അധ്യാപകർ സദാ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അതിനായി എല്ലാദിവസവും മലയാളത്തിളക്കം ക്ലാസ് നടത്തിവരുന്നു കൂടാതെ എൽ.എസ്.എസ്. ട്രെയിനിംഗ്, ഹലോ ഇംഗ്ലീഷ് ക്ലാസ്, ഇടങ്ങിയ പരിപാടികളും സ്കൂളിൽ നടന്നു വരുന്നു. IT പഠനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

## വിദ്യാലയ IT അനുബന്ധ സാമഗ്രികൾ

| ക്ര. നം | IT അനുബന്ധ സാമഗ്രികൾ | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | കമ്പ്യൂട്ടർ, ഡെസ്ക് ടോപ്പ് | 1 | 3 |
| 2 | ലാപ്ടോപ്പ് | 3 | 1 |
| 3 | റേഡിയോ | 1 | — |
| 4 | പ്രിന്റർ | 1 | — |
| 5 | ഇന്റർനെറ്റ് കണക്ഷൻ | — | 1 |

## 2025 - 26 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 6 | 2 | 8 | 4 | 6 | 5 | 5 | 3 |
| ആകെ | 8 | | 12 | | 11 | | 8 | |

## 2025 -26 അദ്ധ്യാപകർ (LP)

| | | |
|---|---|---|
| 1 | ബിജി മാത്യു | പ്രധാനാദ്ധ്യാപിക |
| 2 | രാജി. കെ. ആർ. | അദ്ധ്യാപിക |
| 3 | സുരേഷ് കുമാർ. കെ. എസ്. | അദ്ധ്യാപകൻ |
| 4 | പ്രീന. കെ | അദ്ധ്യാപിക |

# ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

- ഭാഷാ ശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് ഭാഷാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യ പാർക്ക്.
- എസ്. ആർ. ജി. ശാക്തീകരണം
- ഗണിത ലാബ്
- CE മൂല്യനിർണയം
- നിരന്തര വിലയിരുത്തൽ
- കായിക പഠനം
- പഠനയാത്ര
- കുട്ടികളുടെ ആരോഗ്യ പരിപാലനം
- പ്രവൃത്തി പരിചയം
- കലാകായികമേള പ്രവർത്തനങ്ങൾ
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- ബാലസഭകൾ
- ക്ലാസ് P.T.A.
- ടാലന്റ് ലാബ്
- ദിനാചരണങ്ങൾ
- മികവുത്സവം, × സ്കൂൾ വാർഷികം

## മേഖല : അക്കാദമികം. മലയാള ഭാഷാശേഷി വികസനം

### ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| × പ്രീ-ടെസ്റ്റ്<br>× അക്ഷരം ഉറപ്പിക്കൽ<br>× വാക്കുകൾ എഴുതിയ കാർഡ്<br>× വാക്യങ്ങൾ നിർമ്മിക്കൽ<br>× ചിത്രം അടിക്കുറിപ്പ്<br>× ചിത്രം കഥ പറയൽ<br>× ചിത്രം കഥ എഴുതൽ<br>× കഥ ബാക്കി എഴുതൽ<br>× കഥാപാത്രങ്ങൾ നൽകൽ<br>× ICT, ചിത്രങ്ങൾ നൽകി വാക്യങ്ങൾ<br>× ഭാഷാപരമായ പിന്നോക്കാവസ്ഥക്ക് പ്രത്യേക ക്ലാസ്. | 2 months | 2 മുതൽ 4 വരെ | അധ്യാപകർ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ |

## കുട്ടിയെ മികച്ച വായനക്കാരനാക്കുക
(വായനാക്കൂട്ടം)

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| * ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>* വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* പത്രവായന<br>* അമ്മ വായന<br>* വായനാനുഭവം പങ്കുവയ്ക്കൽ<br>* വായനാക്കുറിപ്പ് (പതിപ്പ്)<br>* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ്തലം<br>* ബാലസഭ<br>* ദിനാചരണങ്ങൾ | 6 മാസങ്ങൾ | I മുതൽ IV വരെ | അധ്യാപകർ | കുട്ടിയെ മികച്ച വായനക്കാരനാക്കുക. |
| **ഞാനും ഒരു താരം**<br>* പത്രവായന<br>* കാർഡ് വായന<br>* വായനാക്കുറിപ്പ് | ആഴ്ചയിൽ 5 ദിവസം കൊണ്ട് എല്ലാ കുട്ടികളും. | I മുതൽ IV വരെ | അധ്യാപകർ | ഭാഷാശേഷി വികസനം |

ഓരോ [illegible]യുടെ അവതരണം

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| * കഥാ - കേളീകരണം<br>* കഥാകാർഡുകൾ ക്രമമായി വായിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | I മുതൽ IV വരെ | അധ്യാപകർ | ആശയഗ്രഹണ വായന ഭാഷാശേഷി വികസിപ്പിക്കുന്നു. അക്ഷരങ്ങൾ ചിഹ്നങ്ങൾ ഇവ ഉറയ്ക്കുന്നു. |

# ഗണിത ശേഷി വികസനം

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| * ഗണിത കിറ്റ്<br>* ഗണിത ലാബ് | ആഴ്ചയിൽ 2 ദിവസം | I മുതൽ IV വരെ | ക്ലാസ് ടീച്ചർ | സംഖ്യാബോധം ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ ഗണിതശേഷി വർദ്ധിപ്പിക്കൽ |
| * അബാക്കസും ഗണിത കിറ്റും ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>* ഗണിതം ലളിതം (പ്രശ്നോത്തരി) | | I മുതൽ IV വരെ | ക്ലാസ് ടീച്ചർ | I മുതൽ IV വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതശേഷി ഉറപ്പാക്കുന്നു |

# ഇംഗ്ലീഷ് ഭാഷാ പരിപോഷണം

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| * ഇംഗ്ലീഷ് അസംബ്ലി<br>* ഇംഗ്ലീഷിൽ ഡയറി എഴുതുന്നു<br>* ചിത്രം ഡിസ്കോഴ്സ്<br>* സ്കിറ്റ്, സംഭാഷണം | ആഴ്ചയിൽ 2 ദിവസം | III, IV | ക്ലാസ് ടീച്ചർ | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി ഉയർത്തുക |

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| × ജീവികളെക്കുറിച്ചു പ്രസ്താവനം ഇംഗ്ലീഷിൽ പരിചയപ്പെടുത്തുന്നു (മരം, മൃഗം, ഉരഗം...) | ആഴ്ചയിൽ 2 ദിവസം | 1 മുതൽ IV വരെ | ക്ലാസ് ടീച്ചർ | ഇംഗ്ലീഷ് ഭാഷാ ശേഷി വികസിപ്പിക്കുന്നു |
| × ഗവേഷണാത്മക പ്രവർത്തനങ്ങൾ പഠന ഭാഗമായി ചെയ്യിപ്പിക്കുന്നു | | 1 മുതൽ IV വരെ | ക്ലാസ് ടീച്ചർ | ശാസ്ത്ര താൽപര്യം വളർത്തുന്നു. |

## ജൈവ വൈവിധ്യ പാർക്ക്

| പ്രവർത്തനം | കാലദൈർഘ്യം | സ്റ്റാൻഡേർഡ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| × സ്കൂൾ ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ഔഷധത്തോട്ടം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, നിർമ്മാണം. × ജൈവ വേലി വച്ചുപിടിപ്പിക്കുക | 1 വർഷം | I മുതൽ IV വരെ | അധ്യാപകർ | × ഉച്ചഭക്ഷണത്തിന് വേണ്ട പച്ചക്കറികൾ സ്കൂളിൽ തന്നെ ഉൽപാദിപ്പിക്കാം, വിഷരഹിത പച്ചക്കറികൾ ലഭ്യമാകാനും, നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന പച്ചമരുന്നുകളെക്കുറിച്ചുള്ള അവബോധം വരുത്താൻ |

# ടാലന്റ് ലാബ്

അടുത്ത അധ്യയന വർഷം ജൂലൈ മാസത്തിൽ തന്നെ പ്രവർത്തി പരിചയമേളകളും കലോത്സവത്തിനും ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചു.

# കായികം

കുട്ടികൾക്ക് PT, exercise ഉം കായിക പരിശീലനവും നൽകുന്നതാണ്.

# എസ്. ആർ. ജി

എസ്. ആർ. ജി. മാസത്തിൽ രണ്ടു പ്രാവശ്യം കൂടിച്ചേർന്ന് സ്കൂളിന്റെ വികസനത്തിനും, പഠന പുരോഗതിക്കും വേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് പ്ലാൻ ചെയ്യുന്നതും നടപ്പാക്കുന്നതുമാണ്.

# ക്ലാസ്. പി. ടി. എ.

ഒരു വർഷത്തിൽ 5 ൽ കുറയാതെ ക്ലാസ് പി.ടി. എ. ചേരാൻ തീരുമാനിച്ചു.

# ഗണിതം ലളിതം

ഗണിതം ലളിതമാക്കണം എന്ന ഉദ്ദേശ്യത്തോടെ അസംബ്ലിയിൽ ഗണിത പ്രശ്നോത്തരി നടത്താൻ തീരുമാനിച്ചു. ഗണിത കിറ്റ്, ഗണിത ഭേരി ക്ലാസ് റൂമിൽ ചെയ്യാൻ തീരുമാനിച്ചു.

## ബാലസഭ

ഓരോ പാഠഭാഗത്തിനു ശേഷവും ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും രണ്ടും ഉൾപ്പെടുത്തി കലാപരിപാടികൾ ബാലസഭയിൽ നടത്താൻ തീരുമാനിച്ചു.

## മലയാള തിളക്കം

മലയാള തിളക്കം ക്ലാസിൽ തന്നെ പ്രീ ടെസ്റ്റ് നടത്തി. ഇടങ്ങൾ തീരുമാനിച്ചു.

## നിമിഷ പ്രസംഗം

ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കിയുള്ളതും പ്രസംഗം ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവ അസംബ്ലിയിൽ ചെയ്യുന്നു.

## സാഹിത്യ പരിചയം

അസംബ്ലിയിൽ സാഹിത്യകാരൻമാരേയും കൃതികളും പരിചയപ്പെടുത്തുന്നു. ഒരു ആഴ്ചയിൽ ഒരു സാഹിത്യകാരനേയും കൃതികളും പരിചയപ്പെടുത്തുന്നു.

## ഉപസംഹാരം

പൊതു വിദ്യാഭ്യാസം സംരക്ഷിക്കുക എന്ന സർക്കാരിന്റെ കാഴ്ചപ്പാട്

വിജയികളെ മെച്ചിൽ വിദ്യാലയ വികസന രേഖയിൽ ചൂണ്ടിക്കാണിച്ച അപര്യാപ്തതകളും ആവശ്യങ്ങളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണം ക്ലാസ് മുറി തിരിക്കൽ, ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്റൂം, നല്ലൊരു ലൈബ്രറി, ഡൈനിംഗ് ഹാൾ, നല്ലൊരു കളിസ്ഥലം, കളിയുപകരണങ്ങൾ എന്നിവ വിവിധ ഏജൻസികളുടെ സഹായത്താൽ (MLA ഫണ്ട്, MP ഫണ്ട്, സർക്കാർ ഫണ്ടുകൾ, മാനേജ്മെന്റിന്റെ സഹായം, വിവിധ സന്നദ്ധ സംഘടനകൾ നിർമ്മിച്ചു നൽകേണ്ടതാണ്.

പി.ടി.എ. അംഗങ്ങൾ, ഹെഡ്മിസ്ട്രസ്, അധ്യാപകർ എന്നിവർ ചേർന്ന് നിർമ്മിച്ച ഈ വികസന രേഖയിൽ ഈ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ഉന്നമനങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ലക്ഷ്യമിടുന്നു. നമുക്ക് ഉന്നമനത്തിൽ എത്താം എന്ന ദൃഢ നിശ്ചയത്തോടെ സമർപ്പിക്കുന്നു ഈ വികസന രേഖ.